ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ

133 (6292) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ജില്ലാവ്യവസായ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) വ്യവസായ സംരംഭകർക്ക് വിവിധ അനുമതി പത്രങ്ങളും ലൈസൻസുകളും സാമ്പത്തിക സഹായങ്ങളും നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി വ്യവസായ വകുപ്പുമന്ത്രി നേരിട്ട് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സന്ദർശിക്കുകയും പ്രവർത്തനം അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ വ്യവസായ വകുപ്പുമന്ത്രിയുടെ മുഖാമുഖം പരിപാടിയും നടത്തിവരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ജോലിഭാരം കൂടുതലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങളിലേയ്ക്ക് അഞ്ച് അസിസ്റ്റന്റ് ഡയറക്ടർമാരെ മാറ്റി നിയമിച്ചിട്ടുണ്ട്.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥരുടെ കുറവ് നികത്തുന്നതിനായി പ്രൊമോഷൻ മുഖേനയും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾ മുഖേനയും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വ്യവസായ സംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിന് എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലും എന്റർപ്രണേഴ്സ് ഗൈഡൻസ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സംരംഭകത്വ പരിശീലനത്തിലൂടെയും ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വ്യവസായ സംരംഭകർക്ക് വിവിധ വകുപ്പുകളിലെ അനുമതി പത്രങ്ങളും ലൈസൻസുകളും സാമ്പത്തിക സഹായങ്ങളും നിശ്ചിത സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതി പത്രങ്ങളും ലൈസൻസുകളും ലഭിക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഗ്രീൻചാനൽ കൗണ്ടറും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡും നിലവിലുണ്ട്. കൂടാതെ ഇവ യഥാസമയം ലഭിക്കുന്നു എന്നുറപ്പുവരുത്തുവാനുള്ള സേവനം വ്യവസായ ഉദ്യോഗസ്ഥർ നേരിട്ട് സംരംഭകർക്ക് നൽകുന്നുണ്ട്.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

134 (6294) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. രാഘവൻ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം കമ്പനി എത്ര മീറ്ററുകൾ ഉൽപ്പാദിപ്പിച്ചു ;

(സി) കെ. എസ്. ഇ. ബി-ക്ക് ആവശ്യമായ മീറ്ററുകൾ പൂർണ്ണമായും വിതരണം ചെയ്യാൻ കമ്പനിക്ക് കഴിയുന്നുണ്ടോ ;

(ഡി) മറ്റു സംസ്ഥാനങ്ങൾക്ക് കമ്പനി മീറ്റർ നൽകുന്നുണ്ടോ ;

(ഇ) ഇവിടെ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത് ;

(എഫ്) ഉല്പാദനശേഷി പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്നുണ്ടോ ;

(ജി) പാലക്കാട് പ്രവർത്തിക്കുന്ന റിപ്പയറിംഗ് യൂണിറ്റ് മീറ്റർ കമ്പനിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എച്ച്) കമ്പനി ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.യും കമ്പനിയുമായി ഒരു ധാരണാപത്രത്തിൽ ഒപ്പിടുകയും അതിൻപ്രകാരം പ്രവർത്തന മൂലധനമായി ആദ്യ വർഷം 3 കോടി രൂപയും രണ്ടാം വർഷം 60 ലക്ഷം രൂപയും മൂന്നാം വർഷം മൂലധന നിക്ഷേപമായി 2 കോടി രൂപയും നാലാംവർഷം പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly